കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **22.12.2021** മുതൽ **26.12.2021** വരെ)

കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 102/2021	തീയ്യതി:21/12/2021

എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

മഴ, മി.മീ	കൂടിയ താപനില, °C	കുറഞ്ഞ താപനില, °C	ആപേക്ഷിക ആർദ്രത, %	കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ
00	34.8 – 35.9	21.5 – 24.4	48.8 – 69.2	00 - 08

ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

സൂചിക	22-12-2021	23-12-2021	24-12-2021	25-12-2021	26-12-2021
മഴ, മി.മീ	0	0	0	0	0
കൂടിയ താപനില, °C	35	36	35	35	35
കുറഞ്ഞ താപനില, °C	22	22	23	23	23
കൂടിയ ആപേക്ഷിക ആർദ്രത, %	70	70	70	70	70
കുറഞ്ഞ ആപേക്ഷിക ആർദ്രത, %	50	50	50	50	50
കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ	6	6	6	6	7
കാറ്റിന്റെ ദിശ, ഡിഗ്രി	270	270	270	270	270
മേഘ വിന്യാസം, ഒക്ടാ	2	2	2	2	2

സി. കാർഷിക നിർദ്ദേശങ്ങൾ

വിള	ഘട്ടം	പ്രശ്നങ്ങൾ	കാർഷിക നിർദ്ദേശങ്ങൾ
പൊതു നിർദ്ദേശങ്ങൾ	**മഴയില്ല**		
	പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലയും അനുഭവപ്പെടും. ഉയർന്ന അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും. ആകാശം ഭാഗീകമായി മേഘാവൃതമായിരിക്കും. ഇലകരിച്ചിൽ വാട്ടം മുതലായ പൂപ്പൽ രോഗങ്ങൾ അധികരിച്ചേക്കാം. രോഗബാധയുടെ പ്രാരംഭ ദശയിൽ തന്നെ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.		

പൊതു നിർദ്ദേശങ്ങൾ	തോട്ടങ്ങളിൽ മേൽമണ്ണ് ഇളക്കി പൊടിച്ചു തുല്യമായി പരത്തുന്നത് പുതയിടുന്നതിനു സമാനമായ ഒരു രീതിയാണ്. ഇത് മണ്ണിലെ ഈർപ്പ നഷ്ടം തടയാൻ സഹായിക്കും തെക്കു . പാടിഞ്ഞാറൻ കാലവർഷാനന്തര മഴവെള്ളം മണ്ണിൽ സംഭരിക്കാൻ വൃക്ഷ വിളകളുടെ തടത്തിനു ചുറ്റും നിശ്ചിത അകലം പാലിച്ചു ചാലുകളിൽ തൊണ്ടടുക്ക്കുക. ചകിരിച്ചോറ് മണ്ണുമായി ഇളക്കിച്ചേർക്കുക, പയറുവർഗ്ഗത്തിൽ പെട്ട ആവരണ വിളകൾ പാകുക, മഴക്കുഴികൾ തയ്യാറാക്കി അവയുടെ വരമ്പിൽ കൈത്തച്ചക്ക, രാമച്ചം എന്നിവ വച്ചുപിടിപ്പിക്കുക മുതലായ പ്രവൃത്തികളും മണ്ണിൽ ഈർപ്പം പിടിച്ചുനിർത്താൻ സഹായകമാകും.		
നെല്ല്	വിവിധ ഘട്ടം	ചാഴി	നെല്ലിൽ പാൽ നിറയുന്ന സമയത്ത് ചാഴിയുടെ ആക്രമണത്തിനെതിരെ ജാഗ്രത പുലർത്തുക. പാടത്തും വരമ്പത്തും ഉള്ള കളകൾ നീക്കം ചെയ്യുക. ചാഴിയുടെ ആക്രമണം കണ്ടാൽ ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി തളിക്കുക.
തെങ്ങ്	കായ്ക്കുന്ന തെങ്ങുകൾ	കൊമ്പൻ ചെല്ലി  ഉയരം കുറഞ്ഞ തെങ്ങുകൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ്	തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂഷൽ ബാധയെ തടയാൻ സഹായിക്കും. ഉപയോഗ സൂന്യമായ മീൻ വലകൾ ഒരു മീറ്റർ നീളത്തിലും അര മീറ്റർ വീതിയിലും മുറിച്ചെടുത്തു തെങ്ങിൻറെ മൂന്നാമത്തെയും നാലാമത്തെയും ഒലക്കവിളുകളിൽ വിരിച്ചു നടുഭാഗത്തു ചെറുകല്ലുകൾ വച്ച് ഉൾഭാഗത്തേക്കു തള്ളി അമർത്തി വെക്കുക. ഓലത്തണ്ടിന്റെ രണ്ടു ഭാഗത്തേക്കും പുറത്തേക്കു തൂങ്ങി നിൽക്കുന്ന വലയുടെ വശങ്ങൾ നന്നായി വിടർന്നിരിക്കണം. പാറിവരുന്ന വണ്ടുകൾ കാലുകൾ വലയിൽ കുടുങ്ങി സഞ്ചരിക്കാൻ പറ്റാതെ നശിച്ചു പോകും, പുതു ഓലകൾ വിടരുന്നതിനനുസരിച് വല മുകളിലോട്ട് മാറ്റി മാറ്റി വെക്കുവാൻ ശ്രദ്ധിക്കുക.
കുരുമുളക്	വിവിധ ഘട്ടം	പൊള്ളു രോഗം	ഒരുലിറ്റർ വെള്ളത്തിന് രണ്ടുമില്ലി ഹെക്സകൊണാസോൾ എന്നതോതിൽ കലർത്തി തയ്യാറാക്കി തളിക്കുക

കശുമാവ്	പുതുതായി നട്ട തൈകൾ	തേയില കൊതുകും അനുബന്ധ പൂപ്പൽ രോഗങ്ങളും	മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ 2 മില്ലി ക്വിനാൽഫോസ് ചേർത്ത് തളിക്കുക. തളിരിന്റെ അഗ്രഭാഗങ്ങൾ ചീഞ്ഞു കാണുന്നുവെങ്കിൽ ഹെക്സകൊണസോൾ ഒരു മില്ലി.-ഉം മാലത്തിയോൺ രണ്ടു മില്ലി.-ഉം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി തളിക്കുക
പ്ലാവ്	വിവിധ ഘട്ടം	പൂപ്പൽ മൂലമുള്ള കായ് കൊഴിച്ചൽ	ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക..
മാവ്	കായ്ക്കുന്ന ഘട്ടം	പൂങ്കുല തുള്ളൻ	3000 പി പി എം വീര്യമുള്ള വേപ്പധിഷ്ഠിത കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ അഞ്ചു മില്ലി എന്ന തോതിൽ കലർത്തി തളിക്കുക
മാവ്	വിവിധ ഘട്ടം	ഇലകരിച്ചിൽ	0.2% (ഒരുലിറ്റർ വെള്ളത്തിൽ രണ്ടു ഗ്രാം വീതം) വീര്യമുള്ള കോപ്പർ ഓക്സി ക്ലോറൈഡ് ലായനി തളിക്കുക
പാവൽ	വിവിധ ഘട്ടം	മൃദുരോമ പൂപ്പൽ രോഗം	മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. അല്ലെങ്കിൽ സാഫ് ഒരുലിറ്റർ വെള്ളത്തിൽ രണ്ടു ഗ്രാം വീതം എന്നതോതിൽ കലർത്തി തയ്യാറാക്കി തളിക്കുക.
കറവ പശുക്കൾ	കുളമ്പു രോഗം, സാംക്രമിക ചർമ്മ മുഴ രോഗം എന്നീ വൈറസ് രോഗങ്ങൾ		അടുത്തുള്ള മൃഗാശുപത്രിയിൽ നിന്നും വാക്സിൻ നൽകുക. തൊഴുത്തും പരിസരവും ശുചിയായി സൂക്ഷിക്കുക.

ആട്	വസന്ത രോഗം	അടുത്തുള്ള മൃഗാശുപത്രിയിൽ നിന്നും വാക്സിൻ നൽകുക. തൊഴുത്തും പരിസരവും ശുചിയായി സൂക്ഷിക്കുക.

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി